A

# സമഗ്ര ശിക്ഷാ കേരളം

912

## ആത്യന്തിക വിലയിരുത്തൽ III 2025 - 26

## മലയാളം

### അടിസ്ഥാനപാഠാവലി

ക്ലാസ്: IX

സമയം : 1 ½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ:**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. A അല്ലെങ്കിൽ B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം)**

**(4 x 1 = 4)**

1. "ഗൾഫിന്റെ വീഥികളിലൂടെയുള്ള എന്റെ ആദ്യയാത്ര."

(മണൽക്കൂനകൾക്കിടയിലൂടെ)

വീഥി എന്ന പദത്തിന്റെ അർഥമെന്ത്?

A. മരുഭൂമി B. വഴി
C. താഴ്‌വര D. മലമ്പ്രദേശം

2. "അതിനെ പക്ഷി എന്നു വിളിക്കാതിരിക്കാൻ
നാം കാണിക്കുന്ന കരുണയിൽ
അതു കുറച്ചുകൂടി ദൂരം പോയേക്കും."

(സ്മാരകം)

ഈ വരികളിലെ ആശയത്തോടു യോജിക്കുന്ന പ്രസ്താവനയേത്?

A. മറ്റുള്ളവരുടെ കരുണയിൽ ജീവിക്കുന്നു.
B. പ്രതീക്ഷകളുടെ ഭാരമില്ലാതെ പറക്കുന്നു.
C. പക്ഷിയെപ്പോലെ പറക്കാൻ ശ്രമിക്കുന്നു.
D. മറ്റുള്ളവരുടെ പ്രതീക്ഷകൾക്കനുസരിച്ചു പറക്കുന്നു.

3. "കപ്പ, കാച്ചിൽ മുതലായ നടുതല നട്ടുവളർത്താൻ <u>ബഹുവാസനയാണ്.</u>"

(കിട്ടുമ്മാവൻ)

അടിവരയിട്ട പ്രയോഗംകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

A. ഹൃദ്യമായ സുഗന്ധമാണ്. B. നല്ല മിടുക്കാണ്.
C. ഒട്ടും താല്പര്യമില്ല. D. ഏറെ കൊതിയുണ്ട്.

4. വിഗ്രഹിച്ചെഴുതിയതിൽ ശരിയായത് ഏത്?

A. രക്തനിറം - രക്തമായ നിറം
B. പച്ചത്തക്കാളി - പച്ച എന്ന തക്കാളി
C. ദൃശ്യചാരുത - ദൃശ്യത്തിന്റെ ചാരുത
D. പരസ്യപ്രചാരണം - പരസ്യത്തിലെ പ്രചാരണം

**ചുവടെ നൽകിയ ചോദ്യത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (2 സ്കോർ)**
**(1 x 2 =2)**

5. (A) "പേമഴക്കാലത്തു സ്വാദുവാമീത്തരി
സോദരർക്കൊത്താസ്വദിക്ക നല്ലൂ"

(വംശം)

ഈ വരികളിൽ പ്രകടമാകുന്ന ഉറുമ്പിന്റെ സവിശേഷതകൾ കണ്ടെത്തിയെഴുതുക.

**അല്ലെങ്കിൽ**

(B) "അമ്മയുടെ നോട്ടം വീണ്ടും ശൂന്യമായ ജനാലപോലെയായി മാറുന്നതു ഞാൻ കാണുകയാണ്."

( തഥാഗത)

അമ്മയുടെ ജീവിതാവസ്ഥയെക്കുറിച്ച് ഈ വാക്യം നൽകുന്ന സൂചനകൾ എന്തെല്ലാം ? വ്യക്തമാക്കുക.

**6 മുതൽ 9 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ വീതം)**
**(4 X 5 = 20)**

6. (A) "അല്പമല്ല ഭുജിക്കുന്നു
കഴുത്തോളം പൂർണ്ണമായി-
ട്ടപ്പുറത്തു കവിഞ്ഞാലും
തൃപ്തിയില്ല ചിലർക്കെല്ലാം."

(അല്പമല്ല ഭുജിക്കുന്നു)

ഈ വരികളിലെ സാമൂഹികവിമർശനം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

(B) "രണ്ടാളിന്റെ ജോലിചെയ്യും. ശരിയാണ്. ചെയ്യുന്ന ജോലിക്കു വൃത്തിയുമുണ്ട്. പക്ഷേ, കിട്ടുമ്മാവനെ ജോലിക്കുനിർത്താൻ വടക്കുവശത്തു പെണ്ണുങ്ങൾക്കു വലിയ എതിർപ്പാണ്."

(കിട്ടുമ്മാവൻ)

കഥാസന്ദർഭം വിശകലനം ചെയ്ത് കിട്ടുമ്മാവന്റെ സവിശേഷതകൾ വിവരിക്കുക.

7.
- "കാളവണ്ടിച്ചക്രങ്ങളുടെ പാടുകൾ പതിഞ്ഞുകുഴിഞ്ഞും ചേടിമണ്ണ് മൂടിയും കിടക്കുന്ന ജരാനരബാധിച്ച ആ പടുകിഴവൻ പാത, പാടങ്ങളുടെ നടുവിലൂടെ അങ്ങനെ വളഞ്ഞു പോകുന്നു."

(ശാന്തിനികേതനം)

- "കാഴ്ചയുടെ മനോഹരമായ ആവിഷ്കാരംകൂടിയാണ് യാത്രാവിവരണങ്ങൾ."

സൂചനകളും പാഠഭാഗവും വിശകലനം ചെയ്ത് നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.



OXFORD

8. "നിരവധി വർഷങ്ങളായി കാർഷികവ്യവസായികളും സൂപ്പർമാർക്കറ്റുകാരും നടത്തിവരുന്ന പരസ്യപ്രചാരണങ്ങളുടെ ഫലമായി ഭക്ഷ്യവസ്തുക്കളുടെ നിറം, ആകൃതി, വലുപ്പം എന്നിവയെക്കുറിച്ചുള്ള സങ്കുചിതമായ കുറേ ധാരണകൾ ഉപഭോക്താക്കൾക്കിടയിൽ ഉണ്ട്."

(ഭക്ഷണവും ആരോഗ്യവും)



കുട്ടികളിൽ അനാരോഗ്യകരമായ ഭക്ഷണശീലങ്ങൾ രൂപപ്പെടുത്തുന്നതിൽ മുഖ്യപങ്കു വഹിക്കുന്നത് പരസ്യങ്ങളാണോ?

മുകളിൽ നൽകിയ സൂചനകളും നിങ്ങളുടെ അനുഭവങ്ങളും വിശകലനം ചെയ്ത് പ്രതികരിക്കുക.

9. ഗദ്യഭാഗം വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ദൃഢമായ മനസ്സുള്ളവരെയാണ് ആരോഗ്യവാന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തേണ്ടത്. മനസ്സും ശരീരവും തമ്മിലുള്ള പാരസ്പര്യമാണ് ആരോഗ്യത്തിന്റെ അടിസ്ഥാനം. ഇതിൽ ഏതെങ്കിലും ഒരു ഘടകത്തിനു വരുന്ന ചെറിയ മാറ്റങ്ങൾപോലും മറ്റേ ഘടകത്തെ വളരെയധികം സ്വാധീനിക്കുന്നു. ഒരു റോസാപുഷ്പത്തെയാണ് ഞാൻ ഉദാഹരിക്കുക. അതിന്റെ നിറവും മണവും തമ്മിലുള്ള ഒരു ബന്ധംപോലെയാണ് മനുഷ്യന്റെ ശരീരവും മനസ്സും തമ്മിലുള്ള അടുപ്പം. കടലാസുകൊണ്ട് വെട്ടിയുണ്ടാക്കിയ ഒരു കലാസൃഷ്ടി ഒരിക്കലും ഒരു റോസാപുഷ്പമാവില്ല. കാഴ്ചയിലെ അനുകരണം മാത്രമാണത്. പ്രകൃതി നല്കിയ സ്വാഭാവികസൗരഭ്യം പുനഃസൃഷ്ടിക്കാൻ ആർക്കും സാധിക്കുകയില്ല. ശക്തനും സുന്ദരനുമായ ഒരു വ്യക്തിയേക്കാൾ നാം ബഹുമാനിക്കുന്നത് സൽസ്വഭാവിയും മാന്യനുമായ ഒരാളെയാണ്. ശരീരം അപ്രസക്തമാണെന്നൊന്നും ഇതുകൊണ്ട് അർഥമാകുന്നില്ല. ശരീരത്തേക്കാൾ പ്രാധാന്യം മനസ്സിനാണ് എന്നുമാത്രം. സംശുദ്ധമായ മനസ്സില്ലെങ്കിൽ എത്ര ആരോഗ്യമുള്ള വ്യക്തിയായാലും 'ആരോഗ്യവാൻ' എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താൻ പറ്റില്ല. ദൃഢമായ ഒരു ശരീരത്തിൽ അസ്വസ്ഥമായ ഒരു മനസ്സാണെങ്കിൽ അതും രോഗാവസ്ഥതന്നെയാണ്.

(ആരോഗ്യദർശനം-മഹാത്മാഗാന്ധി)

i. ആരോഗ്യത്തിന്റെ അടിസ്ഥാനമെന്താണ്? (1 സ്കോർ)

ii. ഗാന്ധിജി റോഷാപുഷ്പത്തെ ഉദാഹരണമാക്കി സമർഥിക്കുന്നത് എന്ത്? (2 സ്കോർ)

iii. ഈ ഗദ്യഭാഗത്തിന് യോജിച്ച ശീർഷകം നൽകി അതിന്റെ ഔചിത്യം വ്യക്തമാക്കുക? (2 സ്കോർ)

OXFORD

**10, 11 ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (7 സ്കോർ വീതം)**

**(2x7= 14)**

10.
- "അമ്മയ്ക്ക് നമ്മളെ അറിയുന്നതിന്റെ, കോടിയിൽ ഒരംശംപോലും നമുക്ക് അമ്മയെക്കുറിച്ച് അറിഞ്ഞുകൂടല്ലോ."
- "അമ്മയുടെ ഓർമ്മകളുടെ ചുളിവുകളിലോ നിവരലിലോ ഇപ്പോൾ ഞാനില്ല. ഒരുപാടുകാലം ആ ചുളിവുകളും നിവരലും എന്നെക്കുറിച്ചായിരുന്നുവല്ലോ! വേരറ്റുപോകുന്നപോലെ."

(തഥാഗത)

സൂചനകളും കഥയിലെ മറ്റ് സന്ദർഭങ്ങളും പരിഗണിച്ച് മകൾ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

11. (A) "പ്രാദേശികഭക്ഷ്യവ്യവസ്ഥകൾ എന്തുകൊണ്ടും അഭികാമ്യമാണ്. അത് കൂടുതൽ ആരോഗ്യകരമായ ഒരു പരിസ്ഥിതിസംസ്കാരത്തിലേക്കു നയിക്കും."

(ഭക്ഷണവും ആരോഗ്യവും)

| | |
|---|---|
| കുടുംബശ്രീ അയൽക്കൂട്ടം പച്ചക്കറിക്കൃഷി വൻവിജയം | ഓണക്കാല പച്ചക്കറിക്കൃഷി പാലക്കാട്ട് ഉജ്ജ്വലതുടക്കം |

പാഠഭാഗത്തിന്റെ ആശയവും പത്രവാർത്താശീർഷകങ്ങളും വിശകലനം ചെയ്ത് **"പ്രാദേശിക ഭക്ഷ്യവ്യവസ്ഥക്ക് കരുത്ത് പകരണം"**. എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക.

**അല്ലെങ്കിൽ . . .**

(B) "കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്ക്
ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല".

"ദാരിദ്ര്യമെന്നുള്ളതറിഞ്ഞവർക്കേ
പാരിൽ പരക്ലേശവിവേകമുള്ളൂ."

"പണമെന്നുള്ളതു കൈയിൽ വരുമ്പോൾ
ഗുണമെന്നുള്ളതു ദൂരത്താകും."

(കുഞ്ചൻനമ്പ്യാർ)

മുകളിൽ നൽകിയ വരികളും അല്പമല്ല ഭുജിക്കുന്നു എന്ന കാവ്യഭാഗവും വിശകലനം ചെയ്ത് **സാമൂഹികവിമർശനം കുഞ്ചൻനമ്പ്യാർ കവിതകളിൽ** എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

OXFORD